# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2763** — **20/03/2015** ൽ മറുപടിക്ക്

## ഭിന്നശേഷിയുള്ള കുട്ടികൾക്ക് റിസോഴ്സ് സെന്ററുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ<br>,, ബെന്നി ബെഹനാൻ<br>,, ജോസഫ് വാഴയ്ക്കൻ<br>,, ഡൊമിനിക് പ്രസന്റേഷൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കൂളുകൾ കേന്ദ്രമാക്കി റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഇ.ഡി.എസ്.എസ് പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ 208 ഗവൺമെന്റ്/ഗവൺമെന്റ് എയിഡഡ് ഹൈസ്കൂളുകളിൽ ഐ.ഇ.ഡി റിസോഴ്സ് സെന്ററുകൾ/റൂമുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 200 എണ്ണത്തിന്റെ പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) | ശാരീരികവും മാനസികവുമായ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് ആവശ്യമായ റെമഡിയൽ ക്ലാസ്സുകൾ, പ്രത്യേക സഹായോപകരണങ്ങൾ, പഠനോപകരണങ്ങൾ, തെറാപ്പി സേവനങ്ങൾ രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണം, ചെറിയ തോതിലുള്ള തൊഴിൽ പരിശീലനം എന്നിവ നൽകിവരുന്നു. കൂടാതെ കുട്ടിയുടെ അക്കാഡമികവും മാനസികവും ശാരീരികവുമായ വികാസവും ലക്ഷ്യമിടുന്നു. |
| (സി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി, ശാരീരികവും മാനസികവുമായ ആരോഗ്യം എന്നിവ ഉറപ്പ് വരുത്തുന്നതിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (സി) | റിസോഴ്സ് അദ്ധ്യാപകർ, ആയ, തെറാപ്പിസ്റ്റുകൾ എന്നിവരുടെ സേവനങ്ങൾ, സഹായോപകരണങ്ങൾ, പഠനോപകരണങ്ങൾ, പഠനപ്രവർത്തനങ്ങൾ, റെമഡിയൽ ക്ലാസ്സുകൾ എന്നിവ റിസോഴ്സ് സെന്റർ/റൂം കേന്ദ്രമാക്കി നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി 725 റിസോഴ്സ് അദ്ധ്യാപകരേയും 59 ആയമാരെയും 83 തെറാപ്പിസ്റ്റുമാരേയും ഹൈസ്കൂൾ/ഹയർ സെക്കൻഡറി സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്. പഠനരൂപീകരണ പ്രവർത്തനത്തിലൂടെയും റെമഡിയൽ ക്ലാസ്സുകളിലൂടെയും ഈ പ്രവർത്തനങ്ങൾ സാധ്യമാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ